# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 352

25.06.2013ൽ മറുപടിക്ക്.

### പെറ്റ് കോക്ക് ഉപയോഗിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന വൈദ്യുതി നിലയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ഇ. കെ. വിജയൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഇൻകെൽ സ്വകാര്യ സംരംഭകരുമായി ചേർന്ന് പെട്രോളിയം ഉൽപന്നമായ പെറ്റ് കോക്ക് ഉപയോഗിച്ച് തുടങ്ങാൻ ഉദ്ദേശിക്കുന്ന വൈദ്യുതിനിലയ പദ്ധതിയുടെ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | എ) കൊച്ചി എണ്ണ ശുദ്ധീകരണ ശാലയുടെ വികസനത്തിന്റെ ഫലമായി ലഭ്യമാകുന്ന പെറ്റ് കോക്ക് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിയിൽ, ഇൻകെലിനുള്ള താൽപ്പര്യം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇൻകെൽ മുഖ്യ പങ്കാളിയായി കെ.എസ്.ഇ.ബി., താൽപ്പര്യമുള്ള മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ഒരു Special Purpose Company രൂപീകരിക്കുവാനും ആവശ്യമായ മൂലധനം സമയ ബന്ധിതമായി സമാഹരിച്ച് നടപ്പിലാക്കുവാനും ഇൻകെൽ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. കൊച്ചിൻ റിഫൈനറി ഉദ്യോഗസ്ഥരുമായി പദ്ധതിയെ സംബന്ധിച്ച് ഇൻകൽ പ്രാരംഭ ചർച്ച നടത്തിയിട്ടുണ്ട്. ഇൻകലിന്റെ മേൽനിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. |
| ബി) ഈ പദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉൽപാദിപ്പിക്കുന്നത്; ഈ വൈദ്യുതി ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | ബി) 500 മെഗാവാട്ട് ശേഷിയുള്ള പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ഈ വൈദ്യുതി, ഇലക്ട്രിസിറ്റി ബോർഡ് വഴി ഉപഭോക്താക്കൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ